400 കെ. വി. സബ്സ്റ്റേഷനുകൾ

180 [2673] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം മെച്ചപ്പെടുത്തുവാനായി പുതുതായി 400 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ ഏതുഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. കേരളത്തിലൂടെയുള്ള പവർ ഹൈവേ പ്രാവർത്തിക മാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, (മലപ്പുറം ജില്ലയിലെ അരീക്കോട്) എന്നീ സ്ഥലങ്ങളിൽ 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം (പള്ളിപ്പുറം) 400 കെ.വി. സബ്സ്റ്റേഷൻ ഈ വർഷം കമ്മീഷൻ ചെയ്യുന്ന തരത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

കോഴിക്കോട് (മലപ്പുറം ജില്ലയിലെ അരീക്കോട്) സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്ന 400 കെ.വി. സബ്സ്റ്റേഷനുള്ള സ്ഥലം നിശ്ചയിക്കുകയും, അരീക്കോട്-മൈ സൂർ 400 കെ.വി. ലൈനിന്റെ റൂട്ട് സർവ്വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് ആണ് നിർമ്മിക്കുന്നത്.

സംസ്ഥാനത്തെ പുതിയ സബ്സ്റ്റേഷനുകൾ

181 [2674] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്ത് എത്ര സബ്സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി ഏതെങ്കിലും സ്ഥലത്ത് പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര സബ്സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ജില്ലയിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ എവിടെയാണെന്നും എന്നത്തേക്ക് അവ നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 42 സബ്സ്റ്റേഷനുകൾ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ അഗസ്ത്യൻ മുഴിയിൽ ഒരു 110 കെ. വി. സബ്സ്റ്റേഷനും, പുതിയറയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും, ബാലുശ്ശേരിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷനും ആരംഭിച്ചു.

(ഇ) ഉണ്ട്.

(എഫ്) I. 220 കെ.വി. സബ്സ്റ്റേഷൻ

വടകര

II. 110 കെ.വി. സബ്സ്റ്റേഷൻ

(i) മേപ്പയൂർ
(ii) ചക്കിട്ടപ്പാറ

III. 33 കെ.വി. സബ്സ്റ്റേഷൻ

(i) രാമനാട്ടുകര
(ii) തിരുവള്ളൂർ
(iii) ഓർക്കാട്ടേരി
(iv) മേലടി

മേൽപ്പറഞ്ഞ സബ്സ്റ്റേഷനുകൾ ഈ സാമ്പത്തിക വർഷം തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

പോത്താനിക്കാട് സബ്സ്റ്റേഷൻ

182 [2675] ശ്രീ. വി.ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്താനിക്കാട് കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly